"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകപ്പ് - പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പി.എ ആയിരുന്ന ശ്രീ.കെആർ.അനിൽകമാർ സർക്കാരിൽ സമർപ്പിച്ച പുനഃപരിശോധനാ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.932/2026/GEDN തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:-

1. 20/12/2023-ലെ സ.ഉ(സാധാ) നം.8100/2023/പൊ.വി.വ
2. ശ്രീ.കെ.ആർ.അനിൽകുമാർ 06/03/2024-ൽ സർക്കാരിൽ സമർപ്പിച്ച പുനഃപരിശോധനാ ഹർജി
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 19/11/2024- ലെ വിഎ3/7279/2024/ഡിജിഇ നമ്പർ കത്ത്
4. കേരള പബ്ലിക് സർവീസ് കമ്മീഷന്റെ 06/11/2025 ലെ A1-1/9/2023-KPSC നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ 2020 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ക്രമീകരണവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്തിരുന്ന ഉദ്യോഗസ്ഥരോട് മദ്യപിച്ച് അപമര്യാദയായി പെരുമാറുകയും, മണിക്കൂറുകളോളം ജോലി തടസ്സപ്പെടുത്തി സംഘർഷാവസ്ഥ സൃഷ്ടിക്കുകയും ചെയ്ത വിഷയത്തിൽ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പി.എ ആയിരുന്ന ശ്രീ.കെ.ആർ.അനിൽകമാറിനെതിരെയുള്ള അച്ചടക്ക നടപടി കെ.എസ്.ആർ. ഭാഗം III റൂൾ 3 (എ) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽനിന്നും 1500/- രൂപ വീതം അഞ്ചു വർഷകാലയളവിലേക്ക് കുറവ് ചെയ്യാൻ തീരുമാനമെടുത്തുകൊണ്ട് സർക്കാർ പരാമർശം (1) പ്രകാരം പൂർത്തീകരിച്ച് ഉത്തരവായിരുന്നു.

2) തനിക്കെതിരെ സ്വീകരിച്ചിരിക്കുന്നത് കടുത്ത ശിക്ഷയാണെന്നും തനിക്ക് നിലവിൽ ലഭിക്കുന്ന പെൻഷൻ തുകയായ 26345/- രൂപയിൽ നിന്നും 1500/-രൂപ പ്രതിമാസം കുറവ് ചെയ്യുന്നതു മൂലം, കുടുംബത്തിന്റെ ഏകവരുമാനമായ ടി പെൻഷൻകൊണ്ട് 2 പെൺകുട്ടികൾ അടങ്ങുന്ന തന്റെ കുടുംബത്തിന്റെ ദൈനംദിന ചെലവുകൾ നടത്തികൊണ്ടു പോകുവാൻ നിർവാഹമില്ലാത്തതിനാൽ സർക്കാർ നൽകിയ ശിക്ഷയിൽ ഇളവ്

നൽകണമെന്നും പരാമർശം (2) പ്രകാരം ടിയാൻ സർക്കാരിൽ അപേക്ഷിക്കുകയുണ്ടായി.

3)ടി പുനഃപരിശോധനാ ഹർജിയിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പരാമർശം (3) കത്ത് പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും 1500 രൂപ കറവു ചെയ്യുന്നതിനെടുത്ത ഉത്തരവ് പുനഃപരിശോധിക്കണമെന്നും, ടി തുകയിൽ ഇളവ് അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ.കെആർ.അനിൽകുമാർ സമർപ്പിച്ച അപേക്ഷയിൽ ശിക്ഷയിൽ ഇളവ് നൽകേണ്ട സാഹചര്യം ഇല്ലായെന്ന വിവരം സർക്കാരിനെ അറിയിക്കുകയുണ്ടായി.

4)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാന് നിലവിൽ ലഭിക്കുന്ന പെൻഷൻ തുകയായ 26345/- രൂപയിൽ നിന്നും 1500/- രൂപ പ്രതിമാസം കുറവ് ചെയ്യുന്നതു മൂലം, കുടുംബത്തിന്റെ ഏകവരുമാനമായ ടി പെൻഷൻകൊണ്ട് 2 പെൺകുട്ടികൾ അടങ്ങുന്ന തന്റെ കുടുംബത്തിന്റെ ദൈനംദിന ചെലവുകൾ നടത്തികൊണ്ടു പോകുവാൻ നിർവാഹമില്ലായെന്ന ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ചും, ടി വിഷയവുമായി ബന്ധപ്പെട്ട് ടിയാന് അർഹമായ പ്രമോഷൻ നഷ്ടപ്പെട്ടതു പരിഗണിച്ചും ടിയാന്റെ പെൻഷനിൽ നിന്നും 1500/- രൂപ വിതം 5 വർഷത്തേക്ക് കുറവ് ചെയ്യാനെടുത്ത തീരുമാനം ഇളവ് ചെയ്ത് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് കുറവു ചെയ്യുവാനുള്ള തീരുമാനമാക്കി കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അനുമതിയോടെ പുനർനിശ്ചയിക്കുവാൻ തീരുമാനിക്കുകയും, ഇക്കാര്യത്തിൽ കമ്മീഷന്റെ ഉപദേശം ആരായുകയും ചെയ്തു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ടി കാര്യം വിശദമായി പരിശോധിച്ച് സർക്കാരിന്റെ താത്ക്കാലിക തീരുമാനത്തോട് യോജിക്കുന്നതായും അപ്രകാരം സർക്കാരിനെ ഉപദേശിക്കുന്നതായും പരാമർശം (4) പ്രകാരം അറിയിക്കുകയുണ്ടായി.

5)മേൽ സാഹചര്യത്തിൽ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പേഴ്സണൽ അസിസ്റ്റന്റായിരുന്ന ശ്രീ.കെ.ആർ. അനിൽകുമാറിനെതിരെയുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി കെ.എസ്.ആർ. ഭാഗം III , റൂൾ 3 (എ) പ്രകാരം ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 1500/- രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യാനെടുത്ത തീരുമാനം ഇളവ് ചെയ്ത് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്തുകൊണ്ട് ടിയാൻ സർക്കാരിൽ സമർപ്പിച്ച പുനഃപരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.കെആർ.അനിൽകമാർ,പിഎടു ഡിഇഒ. (റിട്ട) (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&.ഇ), കേരളം, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (നമ്പർ **A1-1/9/2023 KPSC** പ്രകാരം) (ആമുഖ കത്ത് സഹിതം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (പൊവി-ഡിഎ**1/35/2024**/പൊ.വി.വ)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
സെക്ഷൻ ഓഫീസർ
Date: 02-02-2026 10:39:04

പകർപ്പ്:-ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.യ്ക്ക്